# Std. 4 - Chapter 3 - Revision - Main points

## പാഠം 3 : കൂദാശകൾ ജീവൻ നൽകുന്ന ചാലുകൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| **A** | **ചോദ്യങ്ങളും ഉത്തരങ്ങളും** | |
| 1 | ഈശോ യാത്ര ചെയ്തു ക്ഷീണിച്ച് എവിടെയാണ് ഇരുന്നത്? | ഈശോ യാത്ര ചെയ്തു ക്ഷീണിച്ച് ഒരു കിണറ്റിന്റെ കരയിലാണ് ഇരുന്നത്. |
| 2 | കിണറ്റിൽ നിന്നും വെള്ളം കോരാൻ വന്നത് ആരാണ്? | ഒരു സമരിയാക്കാരി സ്ത്രീയാണ് കിണറ്റിൽ നിന്നും വെള്ളം കോരാൻ വന്നത്. |
| 3 | വെള്ളം കോരാൻ വന്ന സ്ത്രീയോട് ഈശോ എന്താണ് പറഞ്ഞത്? | 'ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല' എന്ന് ഈശോ പറഞ്ഞു. |
| 4 | ഈശോ നൽകുന്ന ജലം അവനിൽ എന്തായി മാറും എന്നാണ് ഈശോ പറഞ്ഞത്? | നിത്യജീവനേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും എന്നാണ് ഈശോ പറഞ്ഞത്. |
| 5 | ദാഹിക്കുന്നവർക്ക് ഈശോ എന്താണ് വാഗ്ദാനം ചെയ്യുന്നത്? | ദാഹിക്കുന്നവർക്ക് ഈശോ ജീവജലം വാഗ്ദാനം ചെയ്യുന്നു. |
| 6 | **1. നമുക്ക് ദൈവികജീവൻ പകർന്നുതരുന്ന നീർച്ചാലുകൾ ഏവ?** | കൂദാശകളാണ് നമുക്ക് ദൈവികജീവൻ പകർന്നുതരുന്ന നീർച്ചാലുകൾ. |
| 7 | ഈശോ വാഗ്ദാനം ചെയ്ത ജീവജലം എന്താണ്? | ഈശോ വാഗ്ദാനം ചെയ്ത ജീവജലമാണ് ദൈവികജീവൻ അഥവാ കൃപാവരം. |
| 8 | കൃപാവരം സ്വീകരിക്കുന്നവർ എന്തായിത്തീരുന്നു? | കൃപാവരം സ്വീകരിക്കുന്നവർ നിത്യജീവന് അവകാശികളായി തീരുന്നു. |
| 9 | നിത്യജീവൻ പ്രദാനം ചെയ്യുന്ന കൃപാവരം ഈശോ നമുക്ക് നൽകുന്നത് എന്തിലൂടെയാണ്? | സഭയിലൂടെയാണ് ഈശോ നമുക്ക് കൃപാവരം നൽകുന്നത്. |
| 10 | വലിയ ജലാശയങ്ങളിൽ നിന്നും കൃഷിയിടങ്ങളിലേക്ക് വെള്ളം എത്തിക്കുന്നവയെ എന്തു വിളിക്കുന്നു? | നീർച്ചാലുകൾ എന്ന് വിളിക്കുന്നു. |
| 11 | നീർച്ചാലുകളിലൂടെ ഒഴുകിയെത്തുന്ന ജലം സസ്യങ്ങളെ എന്തു ചെയ്യാൻ സഹായിക്കുന്നു? | സസ്യങ്ങളെ നനയ്ക്കാനും അവ വളർന്നു ഫലമണിയാനും സഹായിക്കുന്നു. |
| 12 | നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകൾ ഏവ? | കൂദാശകൾ ആണ് നമ്മിലേക്ക് ദൈവികജീവൻ എത്തിക്കുന്ന നീർച്ചാലുകൾ. |
| 13 | കൂദാശകളാകുന്ന നീർച്ചാലുകൾ എവിടെനിന്നാണ് ഒഴുകുന്നത്? | ഈശോയാകുന്ന ഉറവിടത്തിൽ നിന്നുമാണ് ഈ നീർച്ചാലുകൾ ഒഴുകുന്നത്. |
| 14 | 'കൂദാശ' എന്ന സുറിയാനി വാക്കിന്റെ അർത്ഥം എന്താണ്? | വിശുദ്ധീകരിക്കുന്ന കർമ്മം' എന്നാണ് കൂദാശ എന്ന വാക്കിന്റെ അർത്ഥം. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 15 | **2. കൂദാശകൾ എന്നാൽ എന്ത്?** | **അദൃശ്യമായ ദൈവികജീവൻ നൽകി നമ്മെ വിശുദ്ധീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന, ഈശോ സ്ഥാപിച്ചതും തിരുസഭ പരികർമ്മം ചെയ്യുന്നതുമായ, ദൃശ്യമായ അടയാളങ്ങളാണ് കൂദാശകൾ.** |
| 16 | കൂദാശകൾ നമ്മെ വിശുദ്ധീകരിക്കുന്നത് എങ്ങനെ? | **പാപമോചനവും ദൈവികജീവനും നൽകിയാണ് കൂദാശകൾ നമ്മെ വിശുദ്ധീകരിക്കുന്നത്.** |
| 17 | കൂദാശകൾ സ്ഥാപിച്ചത് ആരാണ്? | **ഈശോയാണ് കൂദാശകൾ സ്ഥാപിച്ചത്.** |
| 18 | കൂദാശകൾ പരികർമ്മം ചെയ്യുന്നത് ആരാണ്? | **തിരുസഭയാണ് കൂദാശകൾ പരികർമ്മം ചെയ്യുന്നത്.** |
| 19 | **3. കൂദാശകൾ എത്ര? ഏതെല്ലാം? ഉത്തരം: കൂദാശകൾ 7 ആണ്. അവ താഴെ പറയുന്നവയാണ്:** | **കൂദാശകൾ 7. മാമ്മോദീസ, തൈലാഭിഷേകം, വി.കുർബാന, അനുരഞ്ജനം, രോഗീലേപനം, തിരുപ്പട്ടം, വിവാഹം.** |
| 20 | ആദ്യത്തെ മൂന്ന് കൂദാശകൾ ഏതു പേരിൽ അറിയപ്പെടുന്നു? | **പ്രവേശക കൂദാശകൾ എന്ന പേരിൽ അറിയപ്പെടുന്നു.** |
| 21 | പ്രവേശക കൂദാശകളിലൂടെ ഒരു വ്യക്തി എന്തിലേക്കാണ് കടന്നുവരുന്നത്? | **ഈശോയുമായുള്ള ബന്ധത്തിലേക്കും സഭാജീവിതത്തിലേക്കുമാണ് കടന്നുവരുന്നത്.** |
| 22 | കൂദാശകൾ വഴി ഈശോ നമ്മെ അനുഗ്രഹിക്കുന്നത് എപ്പോഴൊക്കെയാണ്? | **നമ്മുടെ ജീവിതത്തിലെ ജനനം മുതൽ മരണം വരെയുള്ള ഓരോ ഘട്ടത്തിലുമാണ്.** |
| 23 | **4. എങ്ങനെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്?** | **തികഞ്ഞ ഒരുക്കത്തോടും ഭക്തിയോടും കൂടെയാണ് കൂദാശകൾ സ്വീകരിക്കേണ്ടത്.** |
| 24 | കൃപാവരത്തിൽ നമുക്ക് എങ്ങനെ വളരാം? | **ഈശോ സ്ഥാപിച്ചതും ദൈവികജീവൻ പ്രദാനം ചെയ്യുന്നതുമായ കൂദാശകൾ ഒരുക്കത്തോടും ഭക്തിയോടും കൂടെ സ്വീകരിച്ച് നമുക്ക് കൃപാവരത്തിൽ വളരാം.** |

**B. പ്രധാന ബൈബിൾ വാക്യം**

**ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീട് ഒരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനേക്കു നിർഗ്ഗളിക്കുന്ന അരുവിയാകും (യോഹ. 4:13-14).**